മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വ്.

(ബി) ഉവ്വ്.

WATER PIPES—WASHING OF

426. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

ചൊവ്വരനിന്നും എറണാകുളത്തേക്ക വെള്ളം അയക്കുന്ന പൈപ്പുകളും എറണാകുളം പട്ടണത്തിൽ ജലവിതരണം ചെയ്യുന്ന പൈപ്പുകളും കഴുകുന്നതിന് വല്ല മാർഗ്ഗവുമുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ :

പൈപ്പ് ലൈനിലെ വാഷ് ഔട്ട് (Wash out) വാൽവു വഴി പൈപ്പുകൾ കഴുകാവുന്നതാണ്.

DISPUTE IN THE VICTORY SAW MILLS

427. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി മറുപടി പറയുമോ.—

(എ) ഒല്ലൂർ വാർഡ് വിക്ടറി അറക്ക കമ്പനിയിൽ ഒരു തൊഴിൽ തർക്കം ഉണ്ടായൊ;

(ബി) ഉവ്വ് എന്നാണ് മറുപടിയെങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് തൊഴിലാളികൾ തർക്കത്തിൽ ഉന്നയിച്ചിട്ടുള്ളത്;

(സി) തർക്കത്തിൽ ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി ഇടപെടുകയും ഒരു ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്തോ;

(ഡി) ആ ഒത്തുതീർപ്പിലെ വ്യവസ്ഥകൾ എന്തെല്ലാം;

(ഇ) അതിൽ എന്തെങ്കിലും വ്യവസ്ഥ മുതലാളി പിന്നീട് ലംഘിച്ചതായി അറിയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വ്. രണ്ടുപ്രാവശ്യമുണ്ടായി.

(ബി) അനുബന്ധം നോക്കുക. (Appendix VI)

(സി) ആദ്യത്തെ തർക്കത്തിൽ ഒരു ഒത്തുതീർപ്പുണ്ടായി. രണ്ടാമത്തേതിൽ ഒരു ഒത്തുതീർപ്പുണ്ടായില്ല. ഈ പ്രാവശ്യം സ്ട്രൈക്ക തുടങ്ങി കുറെ കഴിഞ്ഞതിനുശേഷം സ്ട്രൈക്ക നിവർത്തുവാനും എല്ലാജോലിക്കാരേയും തിരിച്ചെടുക്കുവാനും വിദഗ്ദ്ധോപദേശമന്ത്രി ഉപദേശിച്ചു.

(ഡി) ആദ്യത്തെ തർക്കത്തെ സംബന്ധിച്ച ഒത്തുതീർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. (Appendix VII)

(ഇ) ഖരാറിലെ (ബി) എന്ന വ്യവസ്ഥയെ ഉടമസ്ഥൻ പൂർണ്ണമായി നടപ്പിൽ വരുത്തിയില്ലെന്ന ആക്ഷേപമുണ്ടായി. ഈ വ്യവസ്ഥപ്രകാരം ഫുൾ ദിവസത്തെ കൂലി കൊടുക്കേണ്ടതിൽ പുറമെ സ്ഥലത്തു ജോലിചെയ്ത കാലങ്ങളിലെ കൂലി കൊടുക്കേണ്ടതിനെപ്പറ്റി ഉടമസ്ഥൻ തർക്കിച്ചു. എങ്കിലും പിന്നീട് ആ കൂലി കൊടുത്തു.

WATER WORKS AT CHOWWARA

428. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമൊ.—

(എ) ചൊവ്വര വാട്ടർ വർക്സ് ആരുടെ ചാർജ്ജിലാണ്;

(ബി) അദ്ദേഹം വാട്ടർ വർക്സിന്റെ ചാർജ്ജ് വഹിക്കുന്നതിനു പുറമെ വേറെ വല്ല ജോലിയും നോക്കുണ്ടോ;

(സി) മേൽപറഞ്ഞ വാട്ടർ വർക്സിൽ ഒരു കെമിസ്റ്റ് ഉണ്ടൊ?

റാവുസാഹിബ് കെ. അയ്യപ്പൻ : (എ) വാട്ടർ വർക്സ് അസിസ്റ്റണ്ട് എഞ്ചിനീയരുടെ ചാർജ്ജിലാണ്.

(ബി) ഉവ്വ്; സ്റ്റോറിലുള്ള ഇതര വാട്ടർ വർക്സ്കളുടെ ചാർജ്ജും വഹിക്കുന്നുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly